## ലഹരി കോശങ്ങളെ രോഗാവസ്ഥയിലാക്കും: ഡോ. ഗംഗാധരൻ

# ജൂബിലിയിലെ ഗവേഷണ വിസ്മയങ്ങൾ കണ്ടറിഞ്ഞ് വിദ്യാർത്ഥികൾ

തൃശൂർ: കാൻസർ അടക്കമുള്ള അനേകം രോഗങ്ങൾ കണ്ടെത്താനും ചികിൽസിച്ചു രോഗശാന്തിയേകാനും ജൂബിലി മിഷൻ മെഡിക്കൽ കോളജ് അടക്കമുള്ള ഗവേഷണകേന്ദ്രങ്ങളിൽ നടക്കുന്ന ഗവേഷണങ്ങൾ വൈദ്യശാസ്ത്രത്തിനു വലിയ പ്രതീക്ഷ പകരുന്നതാണെന്ന് പ്രശസ്ത കാൻസർ ചികിൽസാ വിദഗ്ധൻ ഡോ. വി.പി. ഗംഗാധരൻ.

പുകവലിയും മദ്യപാനവും മയക്കുമരുന്ന് ഉപയോഗവും ഡിഎൻഎയിൽ മാറ്റമുണ്ടാക്കുമെന്നും കോശങ്ങളെ രോഗാവസ്ഥയിലാക്കുമെന്നും ഡോ. ഗംഗാധരൻ ചൂണ്ടിക്കാട്ടി. ശ്വാസകോശ അർബുദത്തിന് 80 ശതമാനം കാരണവും പുകയിലയും പുകവലിയുമാണ്. പ്രതിരോധശേഷിയുള്ള കോശങ്ങളെ വളർത്താനുള്ള ശേഷിയെ ലഹരി തളർത്തും. അദ്ദേഹം പറഞ്ഞു.

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ആശുപത്രിയിലെ ഗവേഷണ വിഭാഗം

വിദ്യാർത്ഥികൾക്ക് വൈദ്യശാസ്ത്രത്തിലും ഗവേഷണത്തിലും അഭിരുചി വളർത്താൻ ഒരുക്കിയ 'കാച്ച് ദെം യംഗ്' പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 50 സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട നൂറിലേറെ വിദ്യാർത്ഥികളും അവരുടെ അധ്യാപകരും രക്ഷിതാക്കളുമാണ് പരിപാടിയിൽ പങ്കെടുത്തത്.

കാൻസർ ചികിൽസയ്ക്കു നിർമിതബുദ്ധി ഫലപ്രദമല്ലെന്ന് സെന്റ് ക്ലെയേഴ്സിലെ ആൻസിലിൻ എന്ന വിദ്യാർത്ഥിനിയുടെ ചോദ്യത്തിന് അദ്ദേഹം മറുപടി നൽകി. ഓരോ രോഗിക്കുമുള്ള വ്യത്യസ്തമായ രോഗാവസ്ഥയെ അനുഭവ സമ്പന്നനായ ഡോക്ടർതന്നെ ചികിൽസിക്കണം. കാൻസറിനു ജീൻ ചികിൽസ ഫലപ്രദമാണോയെന്ന കേന്ദ്രീയ വിദ്യാലയത്തിലെ കൃഷ്ണയുടെയും സേക്രഡ് ഹാർട്ട് സ്കൂളിലെ നിവേദ്യയുടേയും ചോദ്യത്തിന് അർബുദ കോശങ്ങളെ ഇല്ലാതാക്കൽ മാത്രമല്ല,  അർബുദബാധയുണ്ടാക്കുന്ന ഘടകങ്ങളെ പ്രതിരോധിക്കൽകൂടിയാണു കാൻസർ ചികിൽസയിലൂടെ ചെയ്യുന്നതെന്ന് ഡോ. ഗംഗാധരൻ മറുപടി നൽകി.

വേദനയില്ലാത്ത മുഴകൾ, കാരണമില്ലാതെ തൂക്കം കുറയൽ, രക്തപ്രവാഹം, വിട്ടുമാറാത്ത ചുമ, പനി തുടങ്ങി അനേകം രോഗലക്ഷണങ്ങളുണ്ടെന്ന് ഹരിശ്രീ വിദ്യാനികേതനിലെ രോഷ്നിക്ക് അദ്ദേഹം മറുപടി നൽകി. പല കാൻസറിനും കാരണം അജ്ഞാതമാണ്. നേരത്തെ കണ്ടെത്തി ചികിൽസ ആരംഭിച്ചാൽ രോഗശാന്തിക്കു സാധ്യത കൂടുതലാണെന്ന് ദേവമാതാ സിഎംഐ പബ്ലിക് സ്കൂളിലെ മേരിയുടെ ചോദ്യത്തോട് അദ്ദേഹം പ്രതികരിച്ചു. പല കാൻസർ രോഗങ്ങൾക്കും ചികിൽസയും മരുന്നും കണ്ടെത്താൻ ലോകമെങ്ങും ദശാബ്ദങ്ങളായി ഗവേഷണങ്ങൾ തുടരുകയാണെന്നും വിദ്യാർത്ഥികൾ വളർന്നു ഗവേഷണ ദൗത്യം തുടരണമെന്നും പാറമേക്കാവ് വിദ്യാനികേതനിലെ നിവേദിന് ഡോ. ഗംഗാധരൻ മറുപടി നൽകി. ആധുനിക ഭക്ഷണ സംസ്

കാരം, പ്ലാസ്റ്റിക് പാത്രങ്ങളിൽ ചൂടുവെള്ളം ശേഖരിച്ചു കുടിക്കൽ, അലുമിനിയം പാത്രങ്ങളിൽ ഉപ്പും പുളിയുമിട്ടുള്ള പാചകം തുടങ്ങിയവയെല്ലാം ആരോഗ്യത്തിനു നന്നെല്ലെന്നും അദ്ദേഹം ഓർമിപ്പിച്ചു.

വിദ്യാർത്ഥികളിൽ ചെറുപ്രായത്തിൽ തന്നെ ശാസ്ത്രകൗതുകവും ജിജ്ഞാസയും ഗവേഷണാഭിരുചിയും വളർത്താൻ ഒരുക്കിയ പരിപാടിയിൽ ജൂബിലി മിഷൻ ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന രാജ്യാന്തര പ്രാധാന്യമുള്ള ഗവേഷണങ്ങളെ പരിചയപ്പെടുത്തി. വാതരോഗമുണ്ടാക്കുന്ന രണ്ടു പ്രോട്ടീനുകളെ കണ്ടെത്തിയതും മാസംതികയും മുമ്പേ ജനിക്കുന്ന കുഞ്ഞുങ്ങൾക്കു പൊക്കിൾക്കൊടി സംരക്ഷണമേകുന്നതും ഓണാട്ടുകര എള്ളെണ്ണയുടെ സവിശേഷതയും അടക്കമുള്ള ഒരു ഡസനിലേറെ ഗവേഷണനേട്ടങ്ങൾ. അവ ലോകത്തിനു സമ്മാനിച്ച ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ലബോറട്ടറി സന്ദർശനം വിദ്യാർത്ഥികൾക്കു വിസ്മയക്കാഴ്ചയായി.

ജൂബിലി മിഷൻ മെഡിക്കൽ കോളജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, പ്രിൻസിപ്പൽ ഡോ. എം.എ. ആൻഡ്രൂസ്, മെഡിക്കൽ റിസേർച്ച് ഡയറക്ടർ ഡോ. ഡി.എം. വാസുദേവൻ, റിസേർച്ച് കോഓഡിനേറ്ററും പ്ലാറ്റിനം ജൂബിലി ആഘോഷ കമ്മിറ്റി ജനറൽ കൺവീനറുമായ ഡോ. പി.ആർ. വർഗീസ്, ഡോ. കുമുദം എം ഉണ്ണി എന്നിവർ പ്രസംഗിച്ചു. ഡോ. വിനോദ്കുമാർ, ഡോ. പ്രസാദ് അലക്സ്, ഡിമ്പിൾ റീഷൻ എന്നിവർ ക്ലാസ് നയിച്ചു. പങ്കെടുത്ത വിദ്യാർത്ഥികൾക്കു സർട്ടിഫിക്കറ്റുകൾ സമ്മാനിച്ചു.

---

ഫോട്ടോ അടിക്കുറിപ്പ്

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ആശുപത്രിയിലെ ഗവേഷണ കേന്ദ്രം ഒരുക്കിയ പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ ഡോ. വി.പി. ഗംഗാധരനും ജൂബിലി മിഷൻ ആശുപത്രി അധികൃതർക്കുമൊപ്പം.